(ഇ) എങ്കിൽ ഈ കണക്കിൽ വൈദ്യുതി ബോർഡിന് പ്രതിദിനം എന്തു നഷ്ടമുണ്ടാകുന്നു ;

(എഫ്) രണ്ടായിരമാണ്ടിൽ വൈദ്യുതി മിച്ചമാണെങ്കിൽ പുറമേനിന്ന് വൈദ്യുതി വാങ്ങുന്നതിനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) സാധിച്ചു.

(സി) വൈദ്യുതി നിലയങ്ങളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കിയും പുതിയ പദ്ധതികൾ നടപ്പാക്കിയുമാണ് ലക്ഷ്യം കൈവരിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1007.1 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് അർഹമായ വൈദ്യുതിയാണ് സംസ്ഥാനത്തിന് പുറമേ നിന്നും വാങ്ങുന്നത്.

(ഇ) സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നത് കൊണ്ടുണ്ടാകുന്ന ലാഭനഷ്ടം പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(എഫ്) കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിനർഹമായ വൈദ്യുതിയാണ് പുറമേ നിന്നും വാങ്ങുന്നത്. കേന്ദ്രവിഹിതംകൂടി കണക്കിലെടുത്താണ് സംസ്ഥാനത്തിന്റെ സ്വയംപര്യാപ്തത കണക്കാക്കിയിട്ടുള്ളത്.

വൈദ്യുതി മേഖലയിൽ നിക്ഷേപം

88 (313) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യുച്ഛക്തി മേഖലയിൽ എത്ര കോടി രൂപ നിക്ഷേപം നടത്തിയിട്ടുണ്ട് ;

(ബി) 1994-95 മുതൽ 2000-2001 വരെ ഓരോ വർഷവും എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്ത് ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ഇപ്പോൾ എന്തു ചെലവ് വരുമെന്നത് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബോർഡിന്റെ വാർഷിക കണക്ക് പ്രകാരം 1996-97 മുതൽ 1999-2000 വരെ വിദ്യുച്ഛക്തി മേഖലയിൽ 2428.14 കോടി രൂപ നിക്ഷേപം നടത്തിയിട്ടുണ്ട്.

(ബി) 1994-95 മുതൽ 2000-2001 വരെ ഓരോ വർഷവും സംസ്ഥാനത്ത് ഉല്പാദിപ്പിച്ച വൈദ്യുതിയുടെ കണക്ക് താഴെ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	മെഗാവാട്ട്
1994-95	1503.5 മെഗാവാട്ട്
1995-96	1505.5 മെഗാവാട്ട്
1996-97	1508.5 മെഗാവാട്ട്
1997-98	1773.78 മെഗാവാട്ട്
1998-99	1928.40 മെഗാവാട്ട്
1999-2000	2381.60 മെഗാവാട്ട്
2000-2001 (ഇതുവരെ)	2512.6 മെഗാവാട്ട്

(സി) വിവിധ പദ്ധതികൾക്കുള്ള (ജല, താപ, ചെറുകിട പദ്ധതികൾ) ചെലവിന്റെ തോത് വ്യത്യസ്ഥമായിരിക്കും.

വൈദ്യുതി ഉല്പാദനം

89 (314) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി ഉല്പാദനം ഇപ്പോൾ നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഉല്പാദനവും ആവശ്യകതയും തമ്മിലുള്ള അന്തരം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ചൈനീസ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മൈക്രോ ഹൈഡ്രൻ പദ്ധതികൾ ആവിഷ്കൃതമായിട്ടുണ്ടോ ; പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പ്രവർത്തനക്ഷമമാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി ഉല്പാദനം ഇപ്പോൾ നടക്കുന്നുണ്ട്.

(ബി) ഉണ്ട്. ഇത്തരത്തിലുള്ള 4 എണ്ണം പൈലറ്റ് പദ്ധതിയായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു പദ്ധതിയുടെ സിവിൽ ജോലികൾ ആരംഭിച്ചിട്ടുണ്ട്. മൂന്നെണ്ണത്തിന്റെ സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. ബാക്കി 14 പദ്ധതികൾകൂടി ആരംഭിക്കുന്നതിന് ധാരണയായിട്ടുണ്ട്. ഇവ പണി ആരംഭിച്ച് 18 മാസംകൊണ്ട് പ്രവർത്തനക്ഷമം ആകുമെന്ന് കരുതുന്നു.

ജലവൈദ്യുതിയുടെയും താപവൈദ്യുതിയുടെയും അനുപാതം

90 (315) ശ്രീ. കെ. ബാബു :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly